വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, വടക്കാഞ്ചേരി മണ്ഡലത്തിലെ വെടിപ്പാറ പാലം തകർന്നതു സംബന്ധിച്ച് 1999 ജൂൺ 17-നാണ് എനിക്ക് റിപ്പോർട്ട് കിട്ടിയത്. ഇപ്പോൾ ഒരാഴ്ചയേ ആയിട്ടുള്ളൂ. അതുകൊണ്ട് അടിയന്തിരമായി അതിന്റെ റിപ്പോർട്ടും എസ്റ്റിമേറ്റും അയയ്ക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ധാരാളം വാഹനങ്ങൾ ഓടുന്ന വഴിയാണ്. ആ പാലം തീർച്ചയായിട്ടും പുനർനിർമ്മാണം നടത്തേണ്ടതാണ്; അതിനുള്ള നടപടികൾ സ്വീകരിക്കും. ഇപ്പോൾ ഗതാഗതം തിരിച്ചുവിടുന്നതിന് സെമിനാരി ചോറ്റുപാറ റോഡിൽ താൽക്കാലിക സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(10) കൂത്തുപറമ്പ് ഗവൺമെന്റ് ഹോസ്പിറ്റൽ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയാക്കുന്നതു സംബന്ധിച്ച്

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : സർ, വളരെക്കാലമായി ശാപമോക്ഷം കാത്തുകിടക്കുന്ന ഒരു ഗവൺമെന്റ് ഹോസ്പിറ്റലിന്റെ ദുരവസ്ഥയാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. കൂത്തുപറമ്പ് ഗവൺമെന്റ് ഹോസ്പിറ്റൽ കണ്ണൂർ ജില്ലയിലെ മലയോര മേഖലയിലെ രോഗികളുടെ പ്രധാന ആശ്രയ കേന്ദ്രമാണ്. ഇപ്പോൾ 70 ബെഡ്ഡുകളുള്ള ഒരു ആശുപത്രിയായിട്ടാണ് അത് പ്രവർത്തിക്കുന്നത്. 1980-ൽ ഈ ഹോസ്പിറ്റലിനെ 100 ബെഡ്ഡുള്ള ഒരു ആശുപത്രിയാക്കി മാറ്റുന്നതിന് അപേക്ഷ സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തതാണ്. പക്ഷേ തുടർ നടപടികളൊന്നും ഉണ്ടായിട്ടില്ല. 1977-ൽ പേ വാർഡ് നിർമ്മിക്കുന്നതിനുള്ള ആശുപത്രികളുടെ ലിസ്റ്റിൽ ഈ ഗവൺമെന്റ് ഹോസ്പിറ്റലിനെയും ഉൾപ്പെടുത്തിയതാണ്. പേ വാർഡ് നിർമ്മിക്കേണ്ട സ്ഥലത്തിന്റെ സ്കെച്ച് അടക്കം അയച്ചുകൊടുത്തിട്ടും യാതൊരു നടപടിയും ഉണ്ടായിട്ടില്ല. ഇപ്പോൾ നൂറു കണക്കിന് രോഗികൾ ദിവസവും വന്നുപോകുന്ന ഈ ഹോസ്പിറ്റലിൽ കാഷ്വാലിറ്റി സംവിധാനമില്ല എന്നത് വളരെ പരിതാപകരമായിട്ടുള്ള ഒരവസ്ഥയാണ്. അതുപോലെതന്നെ മറ്റ് സ്പെഷ്യാലിറ്റി യൂണിറ്റുകൾ ഒന്നുംതന്നെ ഈ ഹോസ്പിറ്റലിൽ ഇല്ല. ഈ ദുരവസ്ഥ പരിഹരിച്ചുകൊണ്ട് മലയോര മേഖലയിലെ ജനങ്ങൾക്ക് ആതുര ശുശ്രൂഷാരംഗത്തെ ആശ്രയമായ ഈ സ്ഥാപനത്തെ രക്ഷപ്പെടുത്തണമെന്ന് ഞാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, കൂത്തുപറമ്പ് ഗവൺമെന്റാശുപത്രി ഒരു ഇന്റർമീഡിയറ്റ് ആശുപത്രിയാണ്. അവിടെ അഞ്ചു ഡോക്ടർമാരും 14 നഴ്സുമാരുമുണ്ട്. 46 തസ്തികകളുമുണ്ട്. 70 കിടക്കകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. തസ്തികകളിലെല്ലാം പൂർണ്ണമായി ആളുകളുണ്ട്. പക്ഷേ ഇതൊരു താലൂക്ക് ഹോസ്പിറ്റലായി ഉയർത്തണം. സ്പെഷ്യാലിറ്റി യൂണിറ്റ് വേണം എന്ന ഡിമാന്റ് വന്നിട്ട് കുറച്ചു കാലമായി. തലശ്ശേരി താലൂക്കാശുപത്രിയിൽ കൂടുതൽ രോഗികൾ വരുന്നു എന്നത് പരിഗണിച്ച് താലൂക്കാശുപത്രിയോട് അനുബന്ധമായി കൂത്തുപറമ്പ് ഒരു ഇന്റർമീഡിയറ്റ് ആശുപത്രിയായി ഉയർത്തണമെന്നായിരുന്നു ആദ്യകാലങ്ങളിൽ വന്ന നിർദ്ദേശം. തലശ്ശേരി താലൂക്കാശുപത്രി കേരളത്തിലെ ഏക ജനറൽ ആശുപത്രിയായി പിന്നീട് പ്രഖ്യാപിക്കപ്പെട്ടു. അഞ്ച് ജനറൽ ആശുപത്രികളുള്ളതിൽ നാലെണ്ണവും ജില്ലാ തലസ്ഥാനത്താണ്. തലശ്ശേരി

LIBRARY ARCHIVES Kerala Legislative Assembly

ജനറൽ ആശുപത്രിയെ തലശ്ശേരി താലൂക്ക് ഹോസ്പിറ്റലായി മാറ്റുകയായിരുന്നു. ഏറ്റവും കൂടുതൽ കിടക്കകളുള്ള ഒരു ആശുപത്രിയായി പിന്നീട് അത് മാറി. അതുകൊണ്ടുതന്നെ സ്വാഭാവികമായും കൂത്തുപറമ്പിനെക്കുറിച്ചുള്ള പുതിയ പ്രൊപ്പോസൽ പിന്നീട് വേണ്ടവിധം പരിഗണിക്കപ്പെട്ടില്ല എന്നു തോന്നുന്നു. കൂത്തുപറമ്പ് മുനിസിപ്പാലിറ്റിയുടെ ആഭിമുഖ്യത്തിൽ കെട്ടിടത്തിന്റെ പണി പുരോഗമിച്ചുവരികയാണ്. എക്സ്റേ യൂണിറ്റ് കേടായിരുന്നു. പുതിയ എക്സ്റേ അവിടെ എത്തി. പക്ഷേ കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കാതെ അത് അവിടെ ഇൻസ്റ്റാൾ ചെയ്യാൻ കഴിയുകയില്ല. മുനിസിപ്പാലിറ്റി ഉണ്ടാക്കുന്ന കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കുന്നതോടുകൂടി എക്സ്റേ അവിടെ എത്തിക്കും. പേ വാർഡിനെ സംബന്ധിച്ചിടത്തോളം 1977-ൽ ഒരു നിർദ്ദേശമുണ്ടായിരുന്നു. ഇപ്പോൾ ഗവൺമെന്റ് പേ വാർഡ് എന്ന സമ്പ്രദായം ഇല്ല. കെ.എച്ച്.ആർ.ഡബ്ലു.എസ്. ലോൺ എടുത്താണ് ഇപ്പോൾ പേ വാർഡ് ഉണ്ടാക്കികൊടുത്തത്. അത് തീർച്ചയായും പരിശോധിക്കാം. പേ വാർഡ് ആവശ്യമുള്ള രോഗികൾ ഉണ്ടെങ്കിൽ, കെ.എച്ച്.ആർ.ഡബ്ലിയു.എസ്. -ന്റേതായി പേവാർഡ് കെട്ടുന്ന കാര്യം പരിശോധിക്കാം; അതിനൊരു ബുദ്ധിമുട്ടുമില്ല; തീർച്ചയായും അത് പരിഗണിക്കുകയും ചെയ്യാം.

(11) പെരിന്തൽമണ്ണ മണ്ഡലത്തിലെ കല്ലങ്കോട് വലിയോറ തോടിന്റെ ചിറയുടേയും പാലത്തിന്റേയും നിർമ്മാണം

<u>ശ്രീ. നാലകത്ത് സൂപ്പി</u> : സർ, പെരിന്തൽമണ്ണ മണ്ഡലത്തിലെ ഇടപ്പെറ്റ പഞ്ചായത്തിൽ കല്ലങ്കോട് വലിയോറ തോടിന്റെ ചിറയുടേയും പാലത്തിന്റേയും നിർമ്മാണത്തിനുവേണ്ടി ഒരു പദ്ധതി 1997-98-ലെ ജില്ലാ പഞ്ചായത്ത് കൗൺസിൽ അംഗീകരിച്ചതാണ്. അതിന്റെ അനുമതിയായി, ഏതാണ്ട് 10 ലക്ഷം രൂപ എസ്റ്റിമേറ്റ് കണക്കാക്കി കഴിഞ്ഞ മാർച്ചിൽ പണി തുടങ്ങി. ഗ്രാമസഭയും ഗ്രാമപഞ്ചായത്തും ബ്ലോക്ക് കമ്മിറ്റിയും അതുപോലെ ജില്ലാ പഞ്ചായത്തുകളും അതിന്റെ എ.എസ്.-ഉം ടി.എസ്-ഉം നൽകി, 10 ലക്ഷം രൂപ സാംഗ്ഷൻ ചെയ്തു. ആറ് ലക്ഷം രൂപ ആദ്യം അനുവദിച്ചു, അതിന്റെ പണി മാർച്ചിൽ തുടങ്ങി; പാലക്കാട്-മലപ്പുറം ജില്ലകളെ ബന്ധിപ്പിക്കുന്ന തോടിനാണ് പാലമുണ്ടാക്കുന്നത്. അത് പാലക്കാട് ജില്ലയിൽ അലനെല്ലൂർ ഉൾപ്പെടെയുള്ള ഭാഗമാണെന്ന് ഒരു പരാതി വരികയുണ്ടായി. ആ പരാതിയുടെ അടിസ്ഥാനത്തിൽ അത് സ്റ്റേ ചെയ്തിരിക്കുകയാണ്. ഈയൊരു അവസ്ഥയിലാണ് ഇവിടെ ഇത് അവതരിപ്പിക്കേണ്ടിവരുന്നത്. അവിടെയുള്ള, കൃഷിക്ക് ഉപയുക്തമാകത്തക്ക രീതിയിലുള്ള 50-ഓളം ഏക്കർ സ്ഥലം ഗുണഭോക്താക്കൾ വിട്ടുകൊടുത്തു. വില്ലേജാഫീസിൽനിന്നും അത് സർട്ടിഫൈ ചെയ്തു, ജില്ലാ സർവ്വേ അധികാരികൾ സർവ്വേ നടത്തി. ഒരല്പം സ്ഥലം അലനെല്ലൂർ പഞ്ചായത്തിൽ ഉൾപ്പെടുന്നുവെന്നുള്ളത് സത്യമാണ്, അത് തോട് പോകുന്നതാണ്, ബാക്കി മുഴുവൻ സ്ഥലവും മലപ്പുറം ജില്ലയിലെ കാഞ്ഞിരിക്കോട് വില്ലേജിലും ഇടപ്പെറ്റ പഞ്ചായത്തിലുമാണ്. അതിന് സർവ്വേ റിപ്പോർട്ടുണ്ട്. 1921-ലെ റവന്യൂ ജില്ലയുടെ രേഖ അനുസരിച്ച് അങ്ങനെയാണ്, ആ പ്രവൃത്തി തടയാനുള്ള കാരണം ദുരൂഹമാണ്, ചില ആളുകൾ കോടതിയിൽപോയി. കോടതി അതിനെ സംബന്ധിച്ച് തീരുമാനമെടുത്തില്ല. അവസാനം. ഗവൺമെന്റിൽ വന്നു. ഗവൺമെന്റ് അത് സ്റ്റേ ചെയ്തു. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത് സാങ്കേതികത്വത്തിന്റെ കാര്യത്തിൽ ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കരുത് എന്നാണ്. ജനകീയാസൂത്രണത്തിന്റെ പേരിൽ നടപടിയെടു

LIBRARY ARCHIVES Kerala Legislative Assembly